Malappuram District Police

**04/01/2018 മലപ്പുറം**

പാസ്പോര്‍ട്ട് പോലീസ് വെരിഫിക്കേഷന്‍ മൊബൈല്‍ ആപ്പ് വഴി നടത്തുന്നതിന് മലപ്പുറം ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥര്‍ക്ക് പോലീസ് ഡിപ്പാര്‍ട്ട്മെന്റ് നല്‍കുന്ന സ്മാര്‍ട്ട് ഫോണ് ഭരണ വിഭാഗം ഡിവൈഎസ്പി വി പ്രഭാകരന്‍ വിതരണം ചെയ്തു.ചടങ്ങില്‍ ജില്ലാ സ്പെഷ്യല് ബ്രാഞ്ച് ഡിവൈഎസ്പി എം ഉല്ലാസ് കുമാര് അധ്യക്ഷത വഹിച്ചു.

പരിശീലനത്തിന് സ്പെഷ്യല് ബ്രാഞ്ച് എസ് ഐ രാജയുടെ നേതൃത്വത്തില്‍ സ്പെഷ്യല് ബ്രാഞ്ച് ഉദ്ദ്യേഗസ്ഥര്‍ നേതൃത്വം നല്‍കി. പാസ്പോര്‍ട്ട് സേവാ കേന്ദ്രത്തില്‍ അപേക്ഷ സമര്‍പ്പിച്ചയുടന് തന്നെ പോലീസ് സ്റ്റേഷനുകളില് നിന്നും വെരിഫിക്കേഷനു മാത്രമായി പ്രത്യേകം തിരഞ്ഞെടുത്ത പോലീസ് ഉദ്ദ്യോഗസ്ഥര്‍ക്ക് ജില്ലാ സ്പെഷ്യല് ബ്രാഞ്ച് ഓഫീസില് നിന്നും മൊബൈലല്‍ ആപ്പ് വഴി ഫയലുകള് നല്‍കുകയും, തുടര്‍ന്ന് ഫീല്‍ഡ് വെരിഫിക്കേഷന് ഓഫീസര്‍മാര് ഫീല്‍ഡില് പോയി മൊബൈല് ഉപയോഗിച്ച് വെരിഫിക്കേഷന്‍ നടത്തി ഉടന് തന്നെ റിപ്പോര്‍ട്ട് തിരികെ സമര്‍പ്പിക്കുകയുമാണ് ചെയ്യുന്നത്.

തിരികെ ലഭിക്കുന്ന പോലീസ് വെരിഫിക്കേഷന്‍ റിപ്പോര്‍ട്ട് അന്നുതന്നെ ജില്ലാ പോലീസ് മേധാവിയുടെ ഡിജിറ്റല്‍ സിഗ്നേച്ചര് ഉപയോഗിച്ച് പാസ്പോര്‍ട്ട് ഓഫീസിലേക്ക് സമര്‍പ്പിക്കുന്നതോടുകൂടി വെരിഫിക്കേഷനന് പ്രക്രിയ പൂര്‍ത്തിയാവുന്നതാണ്.

ഈ പദ്ധതി പ്രകാരം കേരളത്തിലെ സമ്പൂർണ പേപ്പർ രഹിത പാസ്പോർട്ട് വെരിഫിക്കേഷന് നടത്തുന്ന ആദ്യ ജില്ലയായി മലപ്പുറം മാറി.